Malappuram District Police

## 06/11/2017 നിലമ്പൂർ

വടപുറം പാലത്തിൽ ശുചിമുറി മാലിന്യം തള്ളിയ സംഭവത്തിൽ രണ്ടു ടാങ്കർ ലോറികൾ പോലീസ് പിടികൂടി. പ്രതിചേർത്തവരിൽ മൂന്നുപേരുടെ മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതി തള്ളി. ഐക്കരപ്പടിയിലെ പൂച്ചാലിൽ മലമുകളിൽ പ്രവർത്തനം നിർത്തിയ ചെങ്കൽ കാറിയിൽ ഒളിപ്പിച്ച ലോറികൾ സിഐ കെ.എം.ബിജുവിന്റെ നേതൃത്വത്തിൽ കെ.മനോജ്, ജയരാജ്, ഇ.ജി.പ്രദീപ്, കെ.ജാബിർ എന്നിവരടങ്ങിയ സംഘമാണ് കസ്റ്റഡിയിൽ എടുത്തത്. ഉടമ പാണ്ടിക്കാട് മമ്പാട് അബ്ദുൽ മജീദ്, മാലിന്യം സംസ്കരിക്കാൻ കരാറെടുത്ത പൂച്ചാൽ നിലമ്പനക്കാട്ട് മുഹമ്മദ് ഷാഫി, ഐക്കരപ്പടി പൂച്ചാലിൽ മൂലയിൽ മുജീബ് റഹ്മാൻ, പാണ്ടിക്കാട് സ്വദേശി ബഷീർ എന്നിവർക്കെതിരെ കേസെടുത്തു.